**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **09-10-2024 - ൽ മറുപടിയ്ക്ക്**

**പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര പൊഴിയൂരിൽ അനുവദിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചു; നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . പ്രവൃത്തിയുടെ മാതൃകാപഠനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട് . തുടർന്ന് പുലിമുട്ടിലെ അലൈൻമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് .<br><br>പദ്ധതിയുടെ ഇ .ഐ. എ സ്റ്റഡി പുരോഗമിച്ചു വരുന്നു . കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . PMMSY പദ്ധതി മാർഗരേഖ പ്രകാരം പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിന് 200 കോടി രൂപയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ 60% (120 കോടി രൂപ) കേന്ദ്രവിഹിതവും 40% (80 കോടി രൂപ ) സംസ്ഥാനവിഹിതവുമാണ്. പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനായി 343 കോടി രൂപയുടെ പദ്ധതി രൂപരേഖയാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത് .<br><br>26/10/2023 ന് നടന്ന മന്ത്രിതല യോഗത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര വിഹിതത്തിനു പുറമെ വരുന്ന തുക സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാവുന്നതാണെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് ഈ വർഷത്തെ ബജറ്റ് സ്പീച്ചിൽ തുറമുഖം സ്ഥാപിക്കുന്നതിന് പ്രാഥമികമായി 5.00 കോടി രൂപ അനുവദിച്ചിരുന്നു. (115 ഖണ്ഡിക). പ്രദേശത്ത് രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നതിനാൽ അടിയന്തരമായി തീരശോഷണം തടയുന്നതിനുള്ള പ്രവൃത്തികളാണ് നടപ്പാക്കേണ്ടത് എന്ന് കണ്ടതിനാൽ നിർദ്ദിഷ്ട മത്സ്യബന്ധന തുറമുഖത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട വടക്കേ പുലിമുട്ടിന്റെ അലൈൻമെന്റിൽ ഗ്രോയിൻ |

| | | | |
|---|---|---|---|
| | | | മാതൃകയിൽ 60 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിനായി 5.00 കോടി രൂപയുടെ ഭരണാനുമതി 12/08/2024 ലെ സ.ഉ (സാധാ) നം. 465/2024/മ .ര്. വ പ്രകാരം നൽകിയിട്ടുണ്ട് . ആയതു പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ